LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 1, ചൊവ്വ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2005 ഫെബ്രുവരി മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ ..... ഓർഡർ ..... ചോദ്യം നമ്പർ *31

പൂർത്തിയാകാത്ത വൻകിട ജലസേചന പദ്ധതികൾ

*1 [31] ശ്രീ. ഇ. എം. അഗസ്തി:
,, കെ. എ. ചന്ദ്രൻ:
,, എൻ. ഡി. അപ്പച്ചൻ:
,, ടി. എൻ. പ്രതാപൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർത്തിയാകാത്ത എത്ര വൻകിട ജലസേചന പദ്ധതികളുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഇവയെ 'കാഡ' യുടെ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടി കേന്ദ്രാനുമതി തേടിയിട്ടുണ്ടോ;

(ഇ) ഇവയെ 'കാഡ' യുടെ കീഴിൽ കൊണ്ടുവരുന്നതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ ആന്റ് ബി) നിർമ്മാണം തുടങ്ങിയ ജലസേചന പദ്ധതികളിൽ ആറ് പദ്ധതികൾ പൂർത്തിയാക്കാനുണ്ട്. അവ താഴെപ്പറയുന്നവയാണ്.

1. കല്ലട
2. കാഞ്ഞിരപ്പുഴ
3. പഴശ്ശി
4. മൂവാറ്റുപുഴവാലി
5. ഇടമലയാർ
6. കുരിയാർകുറ്റി-കാരപ്പാറ

മേൽപ്പറഞ്ഞവയിൽ ഇടമലയാർ, കുരിയാർകുറ്റി-കാരപ്പാറ പദ്ധതികൾ ഒഴികെ ബാക്കിയുള്ളവ ഭാഗികമായി കമ്മീഷൻ ചെയ്യപ്പെട്ടവയാണ്. കല്ലട, കാഞ്ഞിരപ്പുഴ, പഴശ്ശി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിട്ടുള്ളതും അവശിഷ്ട ജോലികൾ (winding up) നടന്നുകൊണ്ടിരിക്കുകയുമാണ്.

(സി ആന്റ് ഡി) ഉണ്ട്. പൂർണ്ണമായും പൂർത്തീകരിച്ചതോ മിക്കവാറും പൂർത്തീകരിച്ചതോ ആയ പദ്ധതികൾ മാത്രമേ കാഡയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുകയുള്ളൂ. ഇതനുസരിച്ച് കാഞ്ഞിരപ്പുഴ, പഴശ്ശി പദ്ധതികൾ കാഡയ്ക്ക് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. കല്ലട പദ്ധതി 'കാഡ' യ്ക്കു കീഴിൽ കൊണ്ടു വരുന്നതിന് കേന്ദ്രാനുമതി തേടിയിട്ടുണ്ട്. പൂർത്തീകരണത്തോടടുത്ത മൂവാറ്റുപുഴവാലി പദ്ധതി, 'കാഡ' യ്ക്ക് കീഴിൽ കൊണ്ടുവരുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇടമലയാർ പദ്ധതി കാഡയ്ക്ക് കീഴിൽ കൊണ്ടുവരുവാൻ ഇപ്പോൾ തയ്യാറായിട്ടില്ല.

(ഇ) കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകാനും കാര്യക്ഷമമായ രീതിയിൽ ജലസേചനം നടത്തുന്നതിനും പുതിയ കൃഷി രീതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് 'കാഡ' പദ്ധതികൊണ്ട് കഴിയും. പദ്ധതി പ്രദേശത്ത് ജലസേചനം പൂർണ്ണമായും നടപ്പാക്കുന്നതിനുതകുന്ന ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ തുടങ്ങിയ എഞ്ചിനീയറിംഗ് പ്രവർത്തികൾ കാഡ പദ്ധതി വഴി നടത്താൻ കഴിയും. കാഡയുടെ കീഴിലുള്ള പ്രവർത്തനങ്ങൾക്ക് 50 ശതമാനം കേന്ദ്ര സഹായം ലഭ്യമാണ്.

ശ്രീ. ഇ. എം. അഗസ്തി: സർ, ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച പദ്ധതികൾ കാഡയുടെ കീഴിൽ കൊണ്ടുവരാൻ കഴിയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിക്കുകയുണ്ടായി. വെന്റിംഗ് അപ് പ്രോസസ് നടന്നുകൊണ്ടിരിക്കുന്നു എന്നുകൂടി പറയുന്നുണ്ട്. വെന്റിംഗ് അപ് പ്രോസസ്കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? 500 കോടി രൂപയിൽ അധികരിക്കാത്ത പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

സമയബന്ധിതമായി വൈൻഡ് അപ് ചെയ്യണമെന്നും ഭാഗികമായി കമ്മീഷൻ ചെയ്യണമെന്നും കേന്ദ്ര ഗവൺമെന്റ് അറിയിച്ചതായി പത്രങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്രകാരം വൈൻഡ് അപ് ചെയ്യുമ്പോൾ കേന്ദ്ര സഹായം ലഭ്യമാക്കാനുള്ള സാദ്ധ്യതകൾ നഷ്ടമാവില്ലേ, അക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പദ്ധതികൾ തുടങ്ങി ഒരിടത്തും അവസാനിക്കാതെ മുന്നോട്ടുപോകുന്നതിൽ കേന്ദ്രഗവൺമെന്റും നിരുൽസാഹപരമായ നിലപാടാണ് എടുക്കുന്നത്. സംസ്ഥാനത്തിന്റെ താൽപ്പര്യം പരിരക്ഷിക്കാൻ അനിശ്ചിതമായി പ്രോജക്ടുകൾ മുന്നോട്ടുപോകുന്നത് സഹായകരമാവില്ല. അതുകൊണ്ട് ആ പദ്ധതികൾ വൈൻഡ് അപ് ചെയ്യുന്നതിനുള്ള നടപടികളിലേയ്ക്ക് പോകണം. വൈൻഡിംഗ് അപ് പ്രോഗ്രാമിലേയ്ക്ക് പോകുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ചില സഹായം ഈ പ്രോജക്ടുകൾക്ക് ലഭിക്കും. ഈ ജലപദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് സഹായം നൽകുന്നുണ്ട്.

<u>ശ്രീ. ഇ. എം. അഗസ്തി:</u> പൂർത്തീകരിക്കപ്പെട്ട പദ്ധതികൾ കാഡയുടെ കീഴിൽ വരികയും അതിന് കേന്ദ്ര സഹായം ലഭ്യമാക്കുകയും ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കാണുന്നത്. പദ്ധതി പ്രദേശത്തെ കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും മറ്റ് സഹായങ്ങളും നൽകാൻ വേണ്ടിയാണ് ഈ സഹായം നൽകുന്നത് എന്ന് പറയുകയും ചെയ്തു. ഇതൊക്കെ സംസ്ഥാനത്തിന്റെ പരിധിക്കുള്ളിൽ വരുന്ന പദ്ധതികളാണോ; അതർ സംസ്ഥാന പദ്ധതികളുടെ കീഴിൽ വരുന്ന പദ്ധതികളാണോ? പ്രത്യേകിച്ച് മുല്ലപ്പെരിയാർ പോലുള്ള പദ്ധതികൾ കേരളത്തിലാണ്. പക്ഷേ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും കേരളത്തിൽ ലഭ്യമാകുന്നില്ല. ഈ പദ്ധതിമൂലമുള്ള എല്ലാ ദോഷങ്ങളും കേരളം അനുഭവിക്കുകയുമാണ്. ഈ പ്രത്യേക സാഹചര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും അതിന് പരിഹാരം കാണാനും ഗവൺമെന്റ് ശ്രദ്ധിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> മുല്ലപ്പെരിയാർ സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലായതിനാൽ അതിനെക്കുറിച്ച് പരാമർശിക്കുന്നതിന് സംസ്ഥാനത്തിന് ചില പരിമിതികളുണ്ട്. അതിനപ്പുറത്തേക്ക് പോകാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ സത്യസന്ധമായ കാര്യമാണ്. വളരെ നേരത്തെ ഉണ്ടാക്കിയ ചില എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അനുഭവിക്കേണ്ടിവരുന്ന ചില പ്രയാസങ്ങളിലൊന്നാണിത്. എന്നാലും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പരിരക്ഷിക്കാൻ എന്ത് നടപടിയെടുക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

<u>ശ്രീ. കെ. എ. ചന്ദ്രൻ:</u> സർ, പൂർത്തിയാകാത്ത വൻകിട ജലസേചന പദ്ധതികളിലൊന്നാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എഴുപതുകളിൽ ആരംഭിച്ച പാലക്കാട്ടെ ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയുന്ന ഈ ജലവൈദ്യുത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ പണി ഇതുവരെ പൂർത്തിയായിട്ടില്ല. അനന്തമായി നീളുകയാണ്. അതിന്റെ പണി സമയബന്ധിതമായി ഏറ്റെടുത്ത് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? പണി പൂർത്തിയാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് സഭയെ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയിൽ നീലംകാച്ചിപോലുള്ള സ്ഥലങ്ങളിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ കനാൽ നിർമ്മിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നുണ്ട്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ ഒരു മെയിൻ പ്രോജക്ട് ഉണ്ട്. ആ പ്രോജക്ടിൽ ഇലക്ട്രിസിറ്റി കമ്പോണന്റ് കൂടി ചേർത്ത് ഒരു മൾട്ടി പർപ്പസ് പ്രോജക്ടാക്കി മാറ്റണമെന്ന സെൻട്രൽ വാട്ടർ കമ്മീഷന്റെ ക്ലിയറൻസ് നൽകാത്തതുകൊണ്ട് മറ്റ് നടപടികളിലേക്ക് പോകാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കുരിയാർകുറ്റി-കാരപ്പാറയുടെ കനാൽ നിർമ്മാണം സംബന്ധിച്ച ചില കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് കഴിയുന്നത്ര വേഗം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: ചിറ്റൂർപ്പുഴ പദ്ധതിയുടെ കീഴിൽ വരുന്നതും നെല്ലിയാമ്പതി മലയുടെ താഴ്വരകൾക്ക് ആയക്കെട്ടായിട്ടുള്ളതുമായ ചുള്ളിയാർ ഡാം ഏതാനും വർഷങ്ങളായി കാച്ച്മെന്റ് ഏരിയായിൽ മഴ ലഭിക്കാത്തതുകൊണ്ട് പൂർണ്ണമായും ഒരു ഫെയിൽ ഡാമായി മാറിയിട്ടുണ്ട്. ഇതിന് പരിഹാരമായി മീങ്കര-ചുള്ളിയാർ ലിങ്ക് കനാൽ നേരെയാക്കിയെങ്കിലും അതും പൂർണ്ണമായി പ്രയോജനപ്പെട്ടില്ല. പിന്നീടുള്ളത് പലകപ്പാണ്ടി പദ്ധതിയാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി സ്ഥലം സന്ദർശിച്ച് ബോദ്ധ്യമായതും ശ്രീ. ഉമ്മൻചാണ്ടി തുടർനടപടികൾ ആരംഭിച്ചതും ഇന്നത്തെ ജലസേചന വകുപ്പുമന്ത്രി അതീവ താൽപ്പര്യത്തോടെ നടപ്പിലാക്കാൻ ശ്രമിക്കുന്നതുമായ പലകപ്പാണ്ടി പദ്ധതി ഇപ്പോഴും ഗവൺമെന്റ് ആഗ്രഹിക്കുന്ന നിലയിൽ നടന്നു കാണുന്നില്ല. വനം വകുപ്പിന് കൊടുക്കേണ്ട സ്ഥലമെടുപ്പ് ഇനിയും പൂർത്തിയായിട്ടില്ല. മറ്റ് കാര്യങ്ങളും അതുപോലെ വേഗതയിൽ നടക്കുന്നില്ല. ഈ സാമ്പത്തിക വർഷത്തിൽ സമയബന്ധിതമായി ചെലവഴിക്കാൻ വച്ചിട്ടുള്ള പണം ചെലവഴിക്കാനും അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; ഇതിന്റെ ഇന്നത്തെ സ്ഥിതി എന്താണെന്ന് സഭയെ അറിയിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മുതലമട റഗുലേറ്ററിൽ നിന്ന് 11 കിലോമീറ്റർ പോയി വലിയേരി എന്നുപറയുന്ന ഭാഗത്ത് നിന്ന് മീങ്കര, ചുള്ളിയാർ, പലകപ്പാണ്ടി എന്നിവിടങ്ങളിൽ ജലസേചനത്തിന് ആവശ്യമായ വെള്ളം എത്തിക്കുന്നതിനു വേണ്ടിയുള്ളതാണ് പലകപ്പാണ്ടി പദ്ധതി. പലകപ്പാണ്ടി പദ്ധതി പൂർത്തിയാക്കാൻ ധൃതഗതിയിലുള്ള നീക്കങ്ങളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് എന്ന് ബഹുമാനപ്പെട്ട അംഗത്തിനുതന്നെ അറിയാവുന്നതാണ്. എന്റെ ചേമ്പറിൽ ഇതിനോടകംതന്നെ ഇതു സംബന്ധിച്ച് മൂന്നുനാല് ചർച്ചകൾ നടത്തിയിട്ടുണ്ട്. പലകപ്പാണ്ടി പദ്ധതിക്ക് ഇപ്പോൾ തടസ്സമായി നിൽക്കുന്നത് വനം വകുപ്പിൽ നിന്ന് ലഭിക്കാനുള്ള ഭൂമി ലഭിക്കാത്തതാണ്. പലകപ്പാണ്ടി പദ്ധതിക്കുവേണ്ടി ഒൻപത് കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ്

ആദ്യം തയ്യാറാക്കിയിരുന്നു. പക്ഷേ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഏഴ് കോടി രൂപയുടെ ചെലവോടുകൂടി പലകപ്പാണ്ടി പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഡിപ്പാർട്ടുമെന്റിന്റെ നിഗമനം. അത് നടപ്പാക്കുന്നതിനുള്ള പണി ആരംഭിക്കാൻ ആവശ്യമായ ഭൂമി നൽകുന്നതിനുവേണ്ടി വനം വകുപ്പ് രണ്ട് നിബന്ധനകൾ വച്ചിരുന്നു. ഒന്ന്, പകരം ഭൂമി വനം വകുപ്പിന് കൊടുക്കണം. രണ്ടാമത്തേത് അവർക്ക് അഫോറസ്റ്റേഷൻ ഉണ്ടാക്കാനുള്ള തുക ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് നൽകണം. ഞങ്ങൾ രണ്ട് നിബന്ധനകളും അംഗീകരിച്ച് മുന്നോട്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. വനം വകുപ്പിൽനിന്ന് ക്ലിയറൻസ് കിട്ടിയാൽ അടിയന്തിരമായി പണി ആരംഭിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. എൻ. ഡി. അപ്പച്ചൻ:</u> സർ, കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയിൽ പ്രവൃത്തി ആരംഭിച്ചിട്ട് ഏകദേശം മുന്ന് പതിറ്റാണ്ട് പിന്നിട്ടിരിക്കുകയാണ്. ഈ പദ്ധതി ഇനിയും പൂർത്തിയാകാതെ കിടക്കുന്ന അവസ്ഥയാണുള്ളത്. രണ്ടായിരത്തിലേറെ ഹെക്ടർ ഭൂമിയിൽനിന്ന് ആളുകളെ കുടിയൊഴിപ്പിച്ച ഈ പദ്ധതി 30 വർഷക്കാലം പിന്നിട്ടിട്ടും ഇന്നും എവിടെയും എത്താതെ കിടക്കുന്ന അവസ്ഥയിൽ എപ്പോൾ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ പറ്റുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഈ പദ്ധതി പ്ലഗ് ചെയ്യുന്നതിനു വേണ്ടി ഞങ്ങൾ തീരുമാനമെടുത്തിരുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ആരോഗ്യ വകുപ്പുമന്ത്രിയും കൂടി ഇവിടെ പ്ലഗ്ഗിംഗ് നടത്തണമെന്നുള്ള നിഗമനത്തിൽ എത്തിയിരുന്നതാണ്. പക്ഷേ അവിടെ ചില പ്രശ്നങ്ങളുണ്ടായി. അവിടെ കുടിമാറ്റി പാർപ്പിക്കേണ്ട ചില ആളുകളെ സംബന്ധിച്ചുള്ള തർക്കം, കാച്ച്മെന്റ് ഏരിയയിൽപെടുന്ന ആളുകളുടെ കൃഷി സ്ഥലം സംബന്ധിച്ചുള്ള തർക്കം എന്നിവ വന്നതുകൊണ്ട് 17-ാം തീയതി നടത്താനിരുന്ന പ്ലഗ്ഗിംഗ് ജനങ്ങളുടെ തർക്കം കൂടി ഒഴിവാക്കിക്കൊണ്ട് നടത്തണമെന്ന ആഗ്രഹത്തോടുകൂടി അടുത്ത 11-ാം തീയതിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഞങ്ങൾ ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് ആലോചിച്ച് ഇതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകൾക്കും തൃപ്തികരമായ ഒരു തീരുമാനമെടുത്തു. എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരേയും ആ ചർച്ചയിൽ വിളിച്ചിരുന്നു. അവരെല്ലാം വളരെ പോസിറ്റീവായ നിലപാടാണെടുത്തത്. അതുകൊണ്ട് 11-ാം തീയതി ഈ പ്രോജക്ടിന്റെ അവസാനത്തെ സീലിംഗ് നടത്താൻ കഴിയും. അക്കാര്യം കൂടി ഞാൻ ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഈ കാലഘട്ടത്തിൽ പ്ലഗ്ഗിംഗും സീലിംഗും നടത്താൻ പോകുന്ന ഏക പദ്ധതിയും ഇതാണ്.

<u>ശ്രീ. എൻ. ഡി. അപ്പച്ചൻ:</u> സർ, 1976-ലാണ് ഈ പദ്ധതി ആരംഭിക്കുന്നത്. ഏകദേശം 8 കോടി രൂപ മതിപ്പുചെലവ് എന്നാണ് പറഞ്ഞിരുന്നത്. ഇന്നിപ്പോൾ ആ തുക എത്രയോ വർദ്ധിച്ചിരിക്കുന്നു. എത്രമാത്രം തുക അതിനുവേണ്ടി ചെലവാക്കിയിട്ടുണ്ടെന്നും എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാനും കമ്മീഷൻ ചെയ്യാനും കഴിയുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എല്ലാ പദ്ധതികളും ചെറിയ തോതിൽ തുടങ്ങും. പക്ഷേ വമ്പിച്ച തോതിലാണ് അവസാനിക്കുന്നത്. കേരളത്തിൽ അതിന് എക്സംപ്ഷൻസ് ഒന്നുമില്ല. ആകപ്പാടെ ഒരു പദ്ധതി മാത്രമാണ് അതിന് എക്സംപ്ഷനായി വന്നിട്ടുള്ളത്. Rough cost estimate-നേക്കാൾ റേറ്റ് കുറച്ച് പലകപ്പാണ്ടി പദ്ധതിമാത്രം നടപ്പാക്കാം എന്നൊരു തീരുമാനം വന്നിട്ടുണ്ട്. ബാക്കിയുള്ളതിനെല്ലാം വേണ്ടിവരുന്ന തുക estimate തുകയേക്കാൾ കൂടി വരികയാണ്. എന്താണ് കാരണങ്ങൾ എന്നുള്ളതിനെക്കുറിച്ച് വേണമെങ്കിൽ ഈ സഭയിൽ ചർച്ച ചെയ്യാം. ഇതാണ് പ്രധാനപ്പെട്ട പ്രശ്നങ്ങൾ.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വളരെയേറെ മഴ ലഭിക്കുന്നതും ഭൂജലം അതിലേറെ ഉള്ളതുമായ ഒരു സംസ്ഥാനമാണ് കേരളം. ഇവിടെ പല ജലസേചന പദ്ധതികളുമുണ്ട്. സമയബന്ധിതമായി തുടങ്ങാത്തതുകൊണ്ട് ഇപ്പോഴും ശുദ്ധജലക്ഷാമം നേരിടുന്ന, ഏതു വേനലിലും വളരെയേറെ പ്രയാസം ഉണ്ടാകുന്ന ഒരു സംസ്ഥാനമാണ് കേരളം. മഴവെള്ളം ശാസ്ത്രീയമായി ശേഖരിച്ച് അത് കൂടുതൽ ശുദ്ധജലത്തിന് ഉപയോഗിക്കാവുന്ന രീതിയിലുള്ള ഏതെങ്കിലും വിപുലമായ പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതൊന്ന് വിശദീകരിക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മഴവെള്ളസംഭരണം ഈ കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 6 മാസം മഴയും 6 മാസം വരൾച്ചയും ആണ്. ഇതാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ട്. അതുകൊണ്ട്, ദൈവം നമുക്ക് നൽകിയിട്ടുള്ള; പ്രകൃതി നൽകിയിട്ടുള്ള ഈ വെള്ളം സംഭരിച്ച് വച്ച് നമുക്ക് ബുദ്ധിമുട്ടുള്ള കാലഘട്ടത്തിൽ ഉപയോഗിക്കുവാൻ പ്രയോജനപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുടേയും വിവിധ ഡിപ്പാർട്ടുമെന്റുകളിൽപ്പെട്ട ആളുകളുടേയും അനുമതിയോടുകൂടിയും മഴവെള്ള സംഭരണത്തിന് വേണ്ടി ജനങ്ങളുടെയെല്ലാം പാർട്ടിസിപ്പേഷനോടുകൂടി ഒരു വമ്പിച്ച പദ്ധതിയുമായി മുന്നോട്ട് നീങ്ങണം എന്നുള്ളതാണ് സംസ്ഥാനഗവൺമെന്റിന്റെ താല്പര്യം അതിന് ബഹുജനസംഘടനകൾ, നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ്, സ്കൂളുകൾ, ഇതിനായി ബന്ധപ്പെട്ട സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാപേരുടെയും സഹകരണം ആവശ്യമാണ്. ജൂൺ മാസമാണ് ഒരു വാട്ടർ ഇയർ തുടങ്ങുന്നത്. ജൂൺ മാസം മുതൽ ജൂലൈ, ആഗസ്റ്റ്, സെപ്തംബർ വരെയുള്ള മഴക്കാലത്തെ മുഴുവൻ വെള്ളവും സംഭരിക്കുവാൻ കഴിയത്തക്കവിധത്തിൽ മഴവെള്ള സംഭരണവും ഭൂമിയുടെ റീ-ചാർജ്ജിംഗുംകൂടി ഒരുമിച്ച് കൊണ്ടുപോകുന്നതിനുള്ള ഒരു വിപുലമായ പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്ത് വാട്ടർ അതോറിറ്റി വരുന്നതിന് മുമ്പ് ഉണ്ടായിരുന്നതാണ് പി. എച്ച്. ഇ. ഡി. എന്റെ നിയോജകമണ്ഡലത്തിലെ കയ്പമംഗലം മുതൽ ഏങ്ങണ്ടിയൂർ വരെയുള്ള വിവിധ പഞ്ചായത്തുകളിൽ പി.എച്ച്.ഇ.ഡി.-യുടെ കീഴിലുണ്ടായിരുന്ന വാട്ടർ ടാങ്കുകളും പമ്പ് ഹൗസുകളും,

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിക-ഫർക്ക ശുദ്ധജലവിതരണ പദ്ധതി വന്നതിനുശേഷം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. നമ്മുടെ നാട്ടിൽ ഇന്ന് കുറുക്കൻ അന്യമായി വന്നൊരു ജീവിയാണ്. കുറുക്കനെ കാണാൻ വേണ്ടി ആഗ്രഹിക്കുന്ന ആളുകൾ അന്വേഷിച്ചു പോകുന്നത്. പഴയ പി.എച്ച്.ഇ.ഡി.-യുടെ സ്ഥലത്താണ്. അതുകൊണ്ട് ഇത് പഞ്ചായത്തുകൾക്ക് കൈമാറണമെന്ന് വാട്ടർ അതോറിറ്റിയുടെ അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചു, കൊടുത്തില്ല. ബഹുമാനപ്പെട്ട മന്ത്രി വാക്കിലും പ്രവൃത്തിയിലും വളരെ വേഗതയുള്ള ആളാണ്. അങ്ങയുടെ ഈ വേഗത ഈ ചുരുങ്ങിയ നാളുകൊണ്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നാട്ടിക-ഫർക്ക ശുദ്ധജല വിതരണ പദ്ധതി വന്നതുമൂലം ഉപയോഗശൂന്യമായി കിടക്കുന്ന പഴയ ഈ സ്ഥാപനങ്ങൾ പഞ്ചായത്തിന് കൈമാറുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏതു സാഹചര്യത്തിലായാലും കുറുക്കനെതിരെ പറയുന്നത് പരിസ്ഥിതി വിരുദ്ധമായതുകൊണ്ട് ഞാൻ കുറുക്കനെതിരെ ഒന്നും പറയുന്നില്ല. പക്ഷേ ഈ പദ്ധതി നടപ്പാക്കാനുള്ള കുറുക്ക് പണിയുണ്ടോ എന്ന് ആലോചിക്കാവുന്നതാണ്. എന്താണതിന്റെ മാർഗ്ഗം എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗം ഇത് സൂചിപ്പിക്കുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടിയിലേക്ക് പോകാം. ഒരു കാര്യം കൂടി ഓർമ്മിപ്പിക്കാം. 1070 പദ്ധതികൾ സിംഗിൾ പഞ്ചായത്ത് സ്കീമുകളായി ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ആ പദ്ധതികൾ ആ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകണമെന്നുള്ളതാണ് ഡിപ്പാർട്ടുമെന്റിന്റെ ആഗ്രഹം. അതിന് പഞ്ചായത്തുകൾ മുന്നോട്ട് വരുന്നില്ല. പഞ്ചായത്തുകൾ ഒരുക്കമാണെങ്കിൽ സിംഗിൾ പഞ്ചായത്ത് സ്കീമുകൾ അവരെ ഏൽപ്പിക്കുന്നതിന് ഒരുക്കമാണ്. ഈ പറഞ്ഞ പദ്ധതിയും സിംഗിൾ പഞ്ചായത്ത് സ്കീമിൽ പെടുന്നതാണ്.

ശ്രീ. കെ. ബാബു: സർ, കാരാപ്പുഴ പദ്ധതിയെക്കുറിച്ച് അങ്ങ് മറുപടി പറയുകയുണ്ടായി. അത് 1976-ൽ 8 കോടി രൂപയോടുകൂടി ആരംഭിച്ചതാണ്. 230 കോടി രൂപ ചെലവായിട്ടും പദ്ധതി പൂർത്തിയായിട്ടില്ല. എം. വി. ഐ. പി. -യായാലും പി.വി.ഐ.പി.-യായാലും ഇടമലയാർ പദ്ധതിയായാലും, കല്ലട പദ്ധതിയായാലും എല്ലാ തുടങ്ങുമ്പോൾ ചെറിയ സംഖ്യയിൽ ആദ്യം തുടങ്ങി അതിന്റെ നൂറും ഇരുന്നൂറും ശതമാനം വർദ്ധിച്ചിട്ടും പൂർത്തിയാകുന്നില്ല. പല പദ്ധതികളും അവസാനഘട്ടത്തിലും പൂർത്തിയാകാതെ തന്നെ പൂർത്തിയായതായി പ്രഖ്യാപിക്കുകയാണ്. സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാകാതെ, ഈ സംസ്ഥാനത്തിന്റെ ഖജനാവ് കൊള്ളയടിക്കുന്ന ഈ സമ്പ്രദായം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഈ സമൂഹത്തിന്റെ തീവ്രവികാരമാണ്. ഈ സംസ്ഥാനത്തിന്റെ സമ്പത്ത് മുഴുവൻ ഈ രൂപത്തിൽ പോകാൻ അനുവദിച്ചുകൂടാ. ജലസേചനത്തിനുവേണ്ടി നമ്മൾ ധാരാളം കോടി രൂപ ചെലവാക്കുന്നു. പത്ത്

ലിറ്റർ വെള്ളമെങ്കിലും അവിടെനിന്ന് നമുക്ക് കൊടുക്കാൻ കഴിയണ്ടേ? അത് ഒരു സാമൂഹ്യ പ്രശ്നമാണ്. അത് നമുക്ക് അവസാനിപ്പിക്കാനുള്ള നടപടിയിലേയ്ക്ക് പോകണം. അതിന് ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്യണം. പദ്ധതികൾ ടൈംബൗണ്ടായി തീർക്കുന്നതിന് വേണ്ടിയുള്ള ഒരു ക്രമീകരണത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിക്കണം.

<u>ശ്രീ. കെ. ബാബു:</u> സർ, ഗവൺമെന്റ് പമ്പ റിവർ അതോറിറ്റി രൂപീകരിച്ചതായി മനസ്സിലാക്കുകയാണ്. പമ്പാനദിയുടെ പ്രാധാന്യം ഒട്ടും ഞാൻ കുറച്ചു കാണുന്നില്ല. അതോടൊപ്പം തന്നെ ഭാരതപ്പുഴയുടേയും പെരിയാറിന്റേയും അതുപോലുള്ള നദികളുടേയും പ്രാധാന്യം ഗവൺമെന്റ് മനസ്സിലാക്കുമെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് പമ്പാ റിവർ അതോറിറ്റി എല്ലാ നദികൾക്കും വേണ്ടിയുള്ള ഒരു അതോറിറ്റിയാക്കി മാറ്റാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, കേരളത്തിൽ ഒരർത്ഥത്തിൽ പറഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ വന്നെത്തുന്ന ശബരിമലയുമായി ബന്ധപ്പെട്ടതാണ് പമ്പാനദി. പമ്പാനദി പുണ്യനദി എന്നുള്ളത് ഞാൻ ആവർത്തിച്ച് പറയേണ്ടതില്ല. അത് മാലിന്യ വിമുക്തമാക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി ഇന്ത്യാഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. ഇന്ത്യാഗവൺമെന്റ് 318 കോടി രൂപ തത്വത്തിൽ അംഗീകരിച്ചു. 18.5 കോടി രൂപ സംസ്ഥാന ഗവൺമെന്റ് തന്നു. പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിനുള്ള നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനുവേണ്ടി പമ്പാ റിവർ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുകയുണ്ടായി. ആ റിവർ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ചതോടുകൂടി ഇതുമായി ബന്ധപ്പെട്ട ആളുകൾ വളരെയധികം സ്വാഗതം ചെയ്തുകൊണ്ടുള്ള നിലപാടാണ് എടുത്തത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ കറക്ട് ആണ്. കേരളത്തിലെ നദികൾ നശിക്കുന്നു. കേരളത്തിലെ നദികൾ മാലിന്യത്തിന്റെ പിടിയിൽ വരുന്നു. 41 നദികൾ പടിഞ്ഞാറോട്ട് ഒഴുകുന്നു. മൂന്ന് നദികൾ കിഴക്കോട്ട് ഒഴുകുന്നു. ഈ നദികളുടെ തനിമ നിലനിർത്തുന്നതിനുള്ള ഒരു പദ്ധതി വേണമെങ്കിൽ ഒരു റിവർ ഡെവലപ്പ്മെന്റ് അതോറിറ്റി ഓഫ് കേരള രൂപീകരിക്കുകയാണ് ചെയ്യേണ്ടത് എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, കണ്ണൂർ ജില്ലയിൽ വളരെയേറെ പ്രതീക്ഷയോടുകൂടി ആരംഭിച്ച ഒരു പദ്ധതിയായിരുന്നു പഴശ്ശി ജലസേചന പദ്ധതി. ഇപ്പോൾ ആ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കാത്ത പദ്ധതി നടന്ന സ്ഥലത്ത് വച്ച് നിർത്താൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഭാഗികമായി കമ്മീഷൻ ചെയ്തുവെന്ന് പ്രഖ്യാപിക്കുകയാണ്. ഇവിടെ ഓരോ പദ്ധതിയുടെയും ഭാഗമായിട്ട് കനാൽ വെട്ടുകയാണ്. ഇടതുകര കനാൽ, വലതുകര കനാൽ എന്ന് പറഞ്ഞ് കുറെ കനാലുകളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ തന്നെ പഴശ്ശി പദ്ധതിയിൽനിന്ന് കനാൽ വെട്ടുന്നു. എന്റെ മണ്ഡലമായ തലശ്ശേരി നിയോജകമണ്ഡലത്തിൽ വെട്ടിയ കനാലിൽ നിന്ന് ഇതുവരെ ഒരു തുള്ളി വെള്ളം കൃഷിക്കാർക്ക് കിട്ടിയിട്ടില്ല. മഴ പെയ്യുമ്പോൾപോലും അവിടെ വെള്ളം നിൽക്കുന്നില്ല. ഇത്തരത്തിലുള്ള കനാൽവെട്ടുകൊണ്ട് ആർക്കാണ് പ്രയോജനം കിട്ടിയത്. കമാന്റ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ കീഴിലാണെങ്കിൽ ഇതൊന്നും ഉൾപ്പെടുന്നുമില്ല. ഈ സാഹചര്യത്തിൽ ആന്ധ്രയിൽ കനാൽ സംരക്ഷണത്തിനുവേണ്ടി ഏർപ്പെടുത്തിയ പദ്ധതിയെ സംബന്ധിച്ച് ഒരു പഠനം നടത്തി. ആ തരത്തിൽ കൃഷിക്കാരുടെകൂടി സഹായത്തോടുകൂടി ഈ കനാൽ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും കൃഷിക്കാർക്ക് വെള്ളം കിട്ടുന്നതിനുംവേണ്ടി ഈ പദ്ധതി പുനഃക്രമീകരണം ചെയ്യുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. കനാൽവെട്ടും നിർമ്മാണ പ്രവർത്തനവും മാത്രമായി നമ്മുടെ പദ്ധതി പോകരുത്. ഇതിന് ഒരു അവസാനം ഉണ്ടാകണം. ഇതിനൊരവസാനം ഒരിക്കലും ഉണ്ടാകുന്നില്ല എന്നതുകൊണ്ടാണ് തീർന്ന സ്ഥലത്തുവെച്ച് അവസാനിപ്പിച്ചുകൊണ്ട് അത്രയും സ്ഥലങ്ങളിലേക്ക് വെള്ളം ഒഴുക്കാൻ തീരുമാനിച്ചത്. അങ്ങയുടെ ചോദ്യത്തിന്റെ രണ്ടാം ഭാഗം ആന്ധ്രയിൽ ചെയ്തതുപോലെ ഒരു നടപടി സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയില്ലേ എന്നുള്ളതാണ്. ആന്ധ്ര എന്നല്ല ഈ നില മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഏത് ഭാഗത്തുള്ള ഒരു മോഡൽ ആയാലും അത് കേരള പരിസ്ഥിതിക്ക് അനുകൂലമായി അംഗീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഒരു ബുദ്ധിമുട്ടും ഇല്ല. അതിനെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്. പഴശ്ശി പദ്ധതികളുടെ ബുദ്ധിമുട്ടുകളെല്ലാം അങ്ങേയ്ക്കറിയാം. പഴശ്ശി പദ്ധതിയെക്കുറിച്ച് പലവട്ടം ഞങ്ങൾ ചർച്ച ചെയ്തതാണ്. ഇത് ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ എങ്ങനെ മുന്നോട്ടുകൊണ്ടു പോകാം എന്നുള്ളതിനെക്കുറിച്ച് നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> ധാരാളം ജലമുള്ള സംസ്ഥാനമാണ് കേരളം എന്നുള്ള ഒരു ധാരണ ഈ നാട്ടിലും ഇൻഡ്യയിൽ ആകെയും ഉള്ളത് തെറ്റാണെന്നുള്ളത് നാം മനസ്സിലാക്കിയിരിക്കുകയാണ്. വളരെ പ്രധാനമായ കുറിയാർകുറ്റി-കാരപ്പാറ പദ്ധതി ഒരു മൾട്ടി പർപ്പസ് സ്കീമാണ്. 1980-81 കാലയളവിൽത്തന്നെ അതിന്റെ പണി വിദ്യുച്ഛക്തി ബോർഡ് ഏറ്റെടുത്തതാണ്. അണകെട്ടി വൈദ്യുതി ഉൽപ്പാദിപ്പിച്ച ശേഷമുള്ള വെള്ളം ഇറിഗേഷന് കൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനപരമായ കാര്യം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരൾച്ചയുള്ളത് പാലക്കാട് ജില്ലയിലാണ്. വരളാനുള്ള കാരണം നമ്മൾ തന്നെയാണ്. ശിരുവാണിയിൽ നിന്നുൾപ്പെടെയുള്ള ജലം നമ്മൾ കുടിവെള്ളമെന്ന നിലയിൽ വിട്ടുകൊടുത്തു. അത് അപകടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സൈലന്റ് വാലി പദ്ധതിയും കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയും നമുക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ഭാരതപ്പുഴയിൽ വെള്ളം കുറഞ്ഞു. പ്രതീക്ഷിച്ച വെള്ളം മലമ്പുഴയിൽനിന്നോ മറ്റ് അണക്കെട്ടുകളിൽനിന്നോ കിട്ടിയില്ല. അതുകൊണ്ട് ഈ സ്കീം നടക്കില്ലെന്നുള്ള ധാരണയുണ്ട്. സ്വകാര്യ വ്യക്തികളുടേയും തോട്ടം ഉടമസ്ഥരുടേയും താല്പര്യം കൊണ്ടാണ് കാരപ്പാറ അണക്കെട്ട് കെട്ടാൻ തീരുമാനിച്ചത്. വെള്ളം നിലനിറുത്തേണ്ട സ്ഥലം അതിൽപ്പെടുന്നു എന്നുള്ളതുകൊണ്ട് ശക്തമായ എതിർപ്പ് ഉണ്ടാകുകയും ഡെൽഹിയിൽ അവരുടെ ലോബി പ്രവർത്തിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അത് ഇല്ലാതാവുകയും ചെയ്തു. ഈ പദ്ധതി പുനരുജ്ജീവിപ്പിക്കാൻ സ്വകാര്യ വനമോ സ്വകാര്യ തോട്ടമോ നശിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് എതിർപ്പില്ല. വനഭൂമി ഗവൺമെന്റിന്റെ വക നശിക്കുന്നതിന് മാത്രമേ എതിർപ്പുള്ളൂ. അതുകൊണ്ട് ഈ പദ്ധതി റിവൈവ് ചെയ്ത് പൂർണ്ണരൂപത്തിൽ പ്രവർത്തിപ്പിച്ച് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുകയും പാലക്കാടിന് ആവശ്യമായ വെള്ളം ലഭ്യമാക്കുകയും ചെയ്യുമോ? സൈലന്റ് വാലി പദ്ധതി 2002-നു ശേഷം ഏറ്റെടുക്കാമെന്ന് ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞിരുന്നതാണ്. ഇരുപത് കൊല്ലം കഴിഞ്ഞാൽ ഈ പദ്ധതി ഏറ്റെടുക്കാമെന്നാണ് എം. ജി. കെ. മേനോൻ കമ്മിറ്റിയുടെ റിപ്പോർട്ട്. ഇരുപത് കൊല്ലം കഴിഞ്ഞിരിക്കുന്നു. സൈലന്റ് വാലിയിൽ നിന്നുള്ള വെള്ളവും പാലക്കാട് ജില്ലയിൽ ഉപയോഗിക്കാൻ കഴിയും. ഈ രണ്ട് പദ്ധതികളും വന്നാലേ പാലക്കാട് ജില്ല രക്ഷപ്പെടുകയുള്ളൂ എന്നുള്ളത് ഒരു കാര്യമാണ്. സൈലന്റ് വാലിയിൽ വനത്തിന് താഴ്വശത്തുവച്ച് വിയർ കെട്ടി അവിടെനിന്ന് ഈ വെള്ളം ഇറിഗേഷൻ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ടിയുള്ള ശ്രമം ഈ ഗവൺമെന്റ് നടത്താൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നേരത്തെ ഞാൻ കുരിയാർകുറ്റി പ്രോജക്ടിനെക്കുറിച്ച് പരാമർശം നടത്തി. അതൊരു മൾട്ടി പർപ്പസ് പ്രോജക്ടാണ്. ഇതിൽ പ്രോജക്ടുണ്ടാക്കുന്നതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡ് കേന്ദ്രഗവൺമെന്റിൽ ഒരു നിർദ്ദേശം സമർപ്പിച്ചിരുന്നു. ഇത് മൾട്ടി പർപ്പസ് പ്രോജക്ടായി ടേക്കപ്പ് ചെയ്യണമെന്ന് പറഞ്ഞുകൊണ്ടുള്ള മറുപടിയോടുകൂടി ആ നിർദ്ദേശം തിരിച്ച് കേരളത്തിലേക്ക് അയയ്ക്കുകയാണുണ്ടായത്. ആയിരംകോടി രൂപ മുതൽമുടക്ക് വരുന്ന മൾട്ടി പർപ്പസ് പ്രോജക്ട് എന്ന നിലയിൽ ഇത് നടപ്പാക്കുക എന്ന് അതിൽ പറഞ്ഞിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതുകൊണ്ടും, സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരം ഇതുവരെ ലഭിക്കാത്തതുകൊണ്ടും നമ്മുടെ മുന്നിൽ ഇത് ചർച്ചാ വിഷയമായി വന്നിട്ടില്ല. അത് ഗൗരവതരമായ രൂപത്തിൽ വരുമ്പോൾ, ആ സന്ദർഭത്തിൽ അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എ. കെ. .ബാലൻ: ജലസേചന പദ്ധതികളെ സംബന്ധിച്ചിടത്തോളം പദ്ധതിയേതര ആവശ്യങ്ങൾക്കാണ് വൻതുക നമ്മുടെ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നത്. പൂർത്തിയായ പദ്ധതി പ്രദേശങ്ങളിലെ ഡിവിഷൻ, സബ് ഡിവിഷൻ ഓഫീസുകളെല്ലാം മറ്റ് സ്ഥലങ്ങളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിയും, അധികമുള്ള ജീവനക്കാരെ പുനർവിന്യസിച്ചും പദ്ധതിയേതര ചെലവുകൾ കുറയ്ക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഭാഗമാണ്. പണി പൂർത്തീകരിച്ച വൻകിട ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപണികൾക്ക് ആവശ്യമായ തുക വകകൊള്ളിക്കാത്തതുകൊണ്ട് സംഭരണശേഷി ഓരോ ഡാമിലും കുറഞ്ഞുവരികയാണ്. മുകളിലുള്ള മണ്ണ് കനാലുകളിൽ ഒലിച്ചിറങ്ങുന്നതുമൂലം കനാലുകളിൽക്കൂടി പോകുന്ന വെള്ളം ലഭ്യമാകാതെ വരുന്നു. അതുകൊണ്ട് പണി പൂർത്തീകരിച്ച പദ്ധതികളുടെ അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഈ വർഷം പ്രത്യേക ശ്രദ്ധ കാട്ടുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> അങ്ങയുടെ ചോദ്യത്തിന് ഏതായാലും പോസിറ്റീവായിട്ടുള്ള മറുപടിയല്ലേ പറയാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതിയുടെ ഒരു ഭാഗമെന്നുള്ള നിലയിൽ മാത്രമേ ഞങ്ങൾക്കും സഹായം ലഭിക്കുകയുള്ളൂ. എങ്കിലും അങ്ങയെപ്പോലെയുള്ള സീനിയർ അംഗം പറഞ്ഞ നിർദ്ദേശം അംഗീകരിക്കാവുന്ന രൂപത്തിൽ അംഗീകരിക്കാം.

<u>ശ്രീ. പി. ജെ. ജോയി:</u> ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് 2005-2006 സാമ്പത്തിക വർഷം ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. അതനുസരിച്ചുള്ള ജോലികൾ അവിടെ നടന്നു വരുന്നു. ഈ സാഹചര്യത്തിൽ എന്നേയ്ക്ക് ഇത് ഭാഗികമായിട്ടെങ്കിലും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാൻ കഴിയുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഇടമലയാർ പ്രോജക്ട് ഇവിടെ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ കുറെക്കൂടെ സാമ്പത്തിക സഹായം Accelerated Irrigation Benefit Project അടക്കമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇടമലയാർ പ്രോജക്ട് ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

<u>ശ്രീ. സാജു പോൾ:</u> പൂർത്തിയായ പദ്ധതികളുടെ പുനരുദ്ധാരണത്തിനും മറ്റും ആവശ്യമായ ശ്രദ്ധ നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ പത്ത് നിയമസഭാ നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന ജലസേചന പ്രവർത്തനങ്ങളുടെ മുഖ്യധാരയായിട്ടുള്ള 800 കിലോമീറ്റർ നീളമുള്ള കനാൽ ശൃംഖലകളും ഒരു ലക്ഷം ഹെക്ടർ ആയക്കെട്ടുമുള്ള കേരളത്തിലെ ഏറ്റവും വിപുലമായ പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ അത്യാവശ്യ ജോലികളും അറ്റകുറ്റപ്പണികളും ചെയ്യുന്നതിനും കനാൽ ബണ്ട്, റോഡുകൾ ഉൾപ്പെടെ തകർന്ന്

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്നത് പുനരുദ്ധരിക്കുന്നതിനും ഇരുപത്തിയഞ്ചുകോടി രൂപയെങ്കിലും ആവശ്യമായി വരും. ഇത് മറ്റ് ബഹുമാന്യരായ സീനിയർ അംഗങ്ങൾക്കും താൽപ്പര്യമുള്ള പദ്ധതിയാണ്. ഇതിനുവേണ്ടി നാലുകോടി രൂപയിൽ താഴെ മാത്രമാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ പദ്ധതിക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു യോഗം ബന്ധപ്പെട്ടവർ വിളിച്ചു ചേർത്ത് ചർച്ച ചെയ്യുന്നതിനും ഈ പദ്ധതി എത്രയും വേഗം നടപ്പാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ളിൽ നിന്ന് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യാവുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് എന്നറിയപ്പെടുന്ന മലങ്കര പ്രോജക്ട് എന്റെ നിയോജകമണ്ഡലമായ തൊടുപുഴയിൽ ആണ്. ഈ പദ്ധതിയുടെ തുടക്കത്തിൽ ഏകദേശം 13 കോടി രൂപ ആയിരുന്നു. അടങ്കൽതുക എന്നാണ് എന്റെ ഓർമ്മ. എന്നാൽ 350 കോടി രൂപയിൽ അധികം ഇതിനകം തന്നെ ചെലവഴിച്ചുകഴിഞ്ഞിരിക്കുന്നു എന്ന് തോന്നുന്നു. എന്നാലും അത് ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ ജലസേചന പദ്ധതികളുടെ ഒരു തീരാശാപമാണിത്. ഇത്തരം പദ്ധതികൾക്കുവേണ്ടി കോടിക്കണക്കിനു രൂപ ചെലവഴിക്കുകയും അതിന്റെ പൂർത്തീകരണം വർഷങ്ങളായി നീണ്ടുപോവുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. മൂവാറ്റുപുഴ വാലി ഇറിഗേഷനിൽപ്പെട്ട തൊടുപുഴ നിയോജകമണ്ഡലത്തിൽക്കൂടി ഈ പ്രോജക്ടിന്റെ Main കനാലുകൾ മാത്രമേ കടന്നുപോകുന്നുള്ളൂ. ഉപകനാലുകൾ വളരെ കുറച്ചു മാത്രമേ ഉള്ളൂ. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കൂടുതൽ ആളുകളെ തൊടുപുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ? പദ്ധതി അനന്തമായി നീണ്ടുപോകുന്നത് അവസാനിപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ നടക്കുന്നതായി പറഞ്ഞു; ഈ കാര്യത്തെ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഈ പദ്ധതി അനുസരിച്ച് 34737 ഹെക്ടർ ഗ്രോസ് സ്ഥലം ജലസേചനം നടത്താൻ പറ്റും എന്നതാണ് ഗവൺമെന്റിന്റെ നിഗമനം. 17370 ഹെക്ടർ സ്ഥലം നെറ്റ് ആയിട്ട് ജലസേചനം നടത്താൻ വേണ്ടി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ്. 1994-ൽ പദ്ധതിയുടെ Main canal ഭാഗികമായി കമ്മീഷൻ നടത്തി. 2005-ൽ 7500 ഹെക്ടർ സ്ഥലത്തുകൂടി ആയക്കെട്ടിലൂടെ ജലസേചനത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും അങ്ങനെ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനും സാധിക്കുമോ എന്നു പരിശോധിച്ചു വരികയാണ്. അത് ചെയ്യാൻ കഴിയുമെന്ന നിഗമനത്തിലാണ് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതിന് നേരത്തെ മറ്റൊരു ചോദ്യത്തിന് ഉത്തരമായി ഞാൻ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. പദ്ധതി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. എവിടെയെങ്കിലും ഒരു Terminal Point കണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

മതിയാവു. അതുകൊണ്ട് കർഷകർക്ക് പരമാവധി പ്രയോജനം ലഭിക്കുകയും വേണം. ഈ രണ്ടുമൂന്നു ലക്ഷ്യങ്ങൾവച്ചുകൊണ്ട് ധൃതഗതിയിൽ മുന്നോട്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എ. സി. ഷൺമുഖദാസ്: സംസ്ഥാനത്തെ ഏറ്റവും വലിയ പദ്ധതിയാണ് കുറ്റ്യാടി പദ്ധതി. കേന്ദ്ര ഗവൺമെന്റിൽ നിന്ന് പൂർത്തീകരിക്കപ്പെട്ട പദ്ധതികൾക്ക് കൂടുതൽ പണം കിട്ടാത്ത സാഹചര്യത്തിലും കുറ്റ്യാടിയുടെ പ്രധാന ഡാമിന് കേടുണ്ടെന്ന റിപ്പോർട്ട് നേരത്തെ ഉള്ള സാഹചര്യത്തിലും ജപ്പാൻ കുടിവെള്ള പദ്ധതിപോലുള്ള വിദേശ സഹായം കിട്ടുന്ന പദ്ധതികൾ സംയുക്തമായി യോജിപ്പിച്ചുകൊണ്ട് ഇറിഗേഷൻ പദ്ധതിക്ക് പണം കിട്ടുന്നതിനുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ആലോചന നടത്തി ജപ്പാൻ ഗവൺമെന്റ് സഹായവും കൂടി ഇറിഗേഷന് കിട്ടുന്ന രീതിയിൽ മാറ്റിക്കൊണ്ടു വരുന്നതിനുള്ള നടപടി എടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: JBIC Scheme കുടിവെള്ളത്തിനുവേണ്ടി മാത്രമുള്ള പദ്ധതി ആണ്. അതായത് ഈ പദ്ധതിക്കുവേണ്ടിയുള്ള പണം വക മാറ്റി ചെലവഴിക്കാൻ നമുക്ക് ബുദ്ധിമുട്ടുകൾ ഉണ്ട്. കഴിയുന്നത്ര വേഗത്തിൽ JBIC Scheme നടപ്പാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. വൻകിട ജലസേചന പദ്ധതിയെക്കുറിച്ചുള്ള ചോദ്യമായതുകൊണ്ട് അതിന് വിശദമായ വിവരണത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: കുറ്റ്യാടി ആണ് സ്രോതസ്സ്, കുറ്റ്യാടി സ്രോതസ്സിൽ ഡാമില്ലെങ്കിൽ ജലസേചന പദ്ധതി ഇല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പെരുവണ്ണാമൂഴിയിൽ നിന്നാണ് അതിന് ആവശ്യമായ വെള്ളം എടുക്കുന്നത്. അതിന്റെ സ്രോതസ്സ് അവിടെയാണ്. JBIC Scheme finalise ചെയ്തതാണ് ആ സ്കീം. അത് നമുക്കു മാത്രമായി മാറ്റി എഴുതാൻ നിവൃത്തിയില്ല. ബന്ധപ്പെട്ടവരുമായി ആലോചിക്കാതെ ഏകപക്ഷീയമായി ഒരു നടപടിയും എടുക്കാൻ പറ്റില്ല. അതേസമയം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അത് ഗവൺമെന്റ് സജീവമായി പരിഗണിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി: കുടിവെള്ള ക്ഷാമംകൊണ്ടും കാർഷിക ആവശ്യത്തിനുള്ള ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ടും സംസ്ഥാനം ഗുരുതരമായ പ്രശ്നത്തിലേക്ക് കടന്നിരിക്കുകയാണ്. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇന്ന് കിണറുകളും നദികളും എല്ലാം വറ്റി വരണ്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിൽ 90 ശതമാനം ആളുകളും കുടിവെള്ളത്തിന് കിണർവെള്ളമാണ് ഉപയോഗിക്കുന്നത്. പഴയതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

കിണറുകൾ എല്ലാം മാലിന്യ വിമുക്തമാണെന്ന് സങ്കൽപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. കിണറുകൾപോലും മാലിന്യത്തിൽ അകപ്പെട്ടുപോകുന്ന സാഹചര്യങ്ങൾ ഉണ്ട്. അവ ഒഴിവാക്കുന്നതിന് എന്ത് ചെയ്യാൻ കഴിയും എന്ന് ഗവൺമെന്റ് ഗൗരവതരമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതികളിൽ ഒന്നാണ് *KIP. അതിനെ കരാറുകാരുടെ ഇറിഗേഷൻ പ്രോജക്ട് എന്നും കളിയാക്കി പറയാറുണ്ട്. കാരണം ജലത്തിനേക്കാൾ കൂടുതൽ ആ കനാലിലൂടെ ഒഴുകിയിട്ടുള്ളത് പണമാണ്. എനിക്ക് ചോദിക്കാൻ ഉള്ളത് അങ്ങേയ്ക്കുമറിയാം. ഈ പദ്ധതി 13 കോടി രൂപയിൽ തുടങ്ങുകയും 500 കോടിയിലധികം രൂപ ചെലവഴിക്കുകയും ചെയ്തിരിക്കുകയാണ്. ഇപ്പോൾ ഭാഗികമായി നിർത്തിയിരിക്കുന്നു. ഇപ്പോൾ ഒരു പ്രശ്നം എന്നു പറയുന്നത്, പലയിടത്തും ഈ കനാലുകൾ പൊട്ടിപ്പൊളിഞ്ഞ് വലിയ സാമൂഹ്യപ്രശ്നം ആയിമാറിയിരിക്കുന്നു. കൃഷിയെ സംരക്ഷിക്കാൻവേണ്ടി രൂപീകരിച്ച പദ്ധതി അനുസരിച്ച് വെള്ളം ഒഴുകിയാൽ കൃഷിയാകെ നശിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. അങ്ങയുടെ മണ്ഡലത്തിൽകൂടിയാണ് ഈ പദ്ധതി പോകുന്നത്. എന്റെ നിയോജകമണ്ഡലത്തിൽക്കൂടിയും പോകുന്നുണ്ട്. അതിനെ സംബന്ധിച്ച് അങ്ങേയ്ക്ക് അറിയാം. അതുകൊണ്ട് ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. ആ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകുമോ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പ്രകടിപ്പിച്ച പൊതു വികാരത്തോട് ഞാൻ യോജിക്കുന്നു. 1961-ൽ 13.28 കോടി രൂപ അടങ്കൽ തുകയ്ക്ക് ആരംഭിച്ച ഒരു പദ്ധതിക്ക് 2004 മാർച്ച് മാസം വരെ 707.78 കോടി രൂപ ചെലവു വന്നിട്ടുണ്ട്. കുടിവെള്ള വിതരണത്തിനും ജലസേചനത്തിനും ആവശ്യമായ വെള്ളം കൊടുക്കുന്നതിന് ഈ പദ്ധതിയിൽ ചില അപാകതകൾ ഉള്ളതായി സൂചിപ്പിച്ചിരുന്നു. ഇതിന്റെ Maintenance-നു വേണ്ടിയുള്ള പണം നമ്മുടെ കയ്യിൽ ഇല്ലാതെ പോകുന്നു. Winding up Programme ആയതുകൊണ്ടും partially completed എന്ന് declare ചെയ്തതുകൊണ്ടും മറ്റു സാമ്പത്തിക സഹായം കിട്ടുവാൻ മാർഗ്ഗമില്ല. അതുകൊണ്ടാണ് ഈ പദ്ധതി കാഡയിലേക്ക് മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനു മുമ്പിൽ നിർദ്ദേശം സമർപ്പിച്ചത്. ഇത് കാഡയിൽ ചേർക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എടുക്കാം എന്ന് കേന്ദ്രമന്ത്രി ശ്രീ. ദാസ് മുൻഷി ഉറപ്പുനൽകിയിട്ടുണ്ട്. മാത്രമല്ല, 149 കോടി രൂപയുടെ സമഗ്ര വികസനത്തിന് ആവശ്യമായിട്ടുള്ള ഒരു പദ്ധതി കാഡയിൽ ഉൾപ്പെടുത്തി ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രത്തിൽ നിവേദനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: ഭാഗികമായി പൂർത്തിയാക്കിയ പദ്ധതികളിലൊന്നായ KIP പദ്ധതി main കനാലിലും സബ് കനാലിലുമൊക്കെ വെള്ളം ഒഴുകി എത്തുമ്പോൾ അതിനോടനുബന്ധിച്ചുള്ള branches-കളിൽ വെള്ളം എത്താതെ ജനങ്ങൾ ബുദ്ധിമുട്ടുന്ന അനുഭവം ഉണ്ട്. അങ്ങയുടെ മണ്ഡലത്തിലും ഈ സ്ഥിതി ഉണ്ട്. കനാലുകൾ വെട്ടി ഇട്ടിരിക്കുകയാണ്. പക്ഷേ ബ്രാഞ്ചുകളിൽ വെള്ളം എത്തുന്നില്ല. എന്നാൽ main കനാലുകളിൽ വെള്ളം പോകുന്നുണ്ട്. അവസാനിപ്പിച്ച പദ്ധതി ആണെങ്കിലും വെട്ടിയിട്ടിരിക്കുന്ന ബ്രാഞ്ചുകളിൽ വെള്ളം എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നേരത്തെ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി CADA പദ്ധതിയോട് ചേർക്കുകയാണെങ്കിൽ നിശ്ചയമായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നിർദ്ദേശംകൂടി പരിഗണിക്കാം. അവിടെയുള്ള പ്രയാസങ്ങൾ ഇതിനേക്കാൾ രൂക്ഷമാണ്. അതിന്റെ ഒരു ചെറിയ ഭാഗം മാത്രമേ അങ്ങ് സൂചിപ്പിച്ചിട്ടുള്ളൂ. എങ്കിലും ഈ കൺവർഷൻ വരുന്നതോടുകൂടി നമുക്ക് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ നിഗമനം.

ശ്രീ. കെ. അച്ചുതൻ: കർക്കടക മാസത്തിലും ലോറിയിൽ കുടിവെള്ളം കൊടുക്കുന്ന ഏകപ്രദേശം ആണ് ചിറ്റൂർ കിഴക്കൻ മേഖലകൾ. അവിടെ കുര്യാർകുറ്റി പദ്ധതിയുടെ ഭാഗമായി വലതുകനാൽ നീട്ടുന്ന പ്രവൃത്തി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിജിലൻസ് കേസിന്റെ പേരിൽ നിർത്തിവച്ചതാണ്. ഈ ഗവൺമെന്റ് വന്നശേഷം ആ പണി ധൃതിയിൽ നടക്കുകയും ഒരു പരിധിവരെ കുറെ സ്ഥലത്തെങ്കിലും വെള്ളം കൊടുക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ വരട്ടയാർവരെ നീട്ടാമെന്ന് മന്ത്രിതന്നെ സ്ഥലം നേരിട്ട് സന്ദർശിച്ച് ഉറപ്പ് നൽകിയതാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ അടിയന്തിരമായി നടത്തി കഴിയുന്നതും വേഗം ആ അക്കാഡക്ടിന്റെ പണിപൂർത്തിയാക്കി വരട്ടയാർവരെ വെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ നേരത്തെ ഒരു ഉപചോദ്യത്തിന് മറുപടിയായി പറഞ്ഞതുപോലെ നീലങ്കാച്ചി വരെയുള്ള കനാലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. വലതു കനാൽ കോതയാർ, വരട്ടയാർ, വേലൻ താവളം, വാളയാർവരെ വരും. അതിൽ വരട്ടയാർ വരെയുള്ള investigation-ന് ഓർഡർ കൊടുത്തിട്ടുണ്ട്. ബാക്കിയുള്ളതും phased manner-ൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യവില്പനയും തടയാൻ നടപടി

*2 [32] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വൻതോതിൽ സ്പിരിറ്റ് കേരളത്തിലേയ്ക്കു കടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;